ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
13 FEBRUARY 2024 | VOL 03 | ISSUE 043 | 742

**QUOTES OF DAYS**
**FEB 13**

തമാശകളില്ലെങ്കിൽ ജീവിതം ദുരന്തമായിരിക്കും.
**സ്റ്റീഫൻ ഹോക്കിങ്**



# ക്രൈസ്തവ വിഭാഗത്തിന്റെ ആശങ്കകൾ പരിഹരിക്കാൻ ഛത്തിസ്ഗഡിൽ നിർണായക യോഗം

**റായ്പുർ** : ഛത്തിസ്ഗഢിലെ ക്രിസ്ത്യൻ സമൂഹത്തിനുള്ളിൽ നിലനിൽക്കുന്ന അരക്ഷിത ബോധം ഉന്മൂലനം ചെയ്യുന്നതിനു ചർച്ച ചെയ്യാൻ നിർണായക യോഗം ചേർന്നു. ഇന്ത്യാ ഗവൺമെന്റിന്റെ ദേശീയ ന്യൂനപക്ഷ കമ്മീഷനെ പ്രതിനിധീകരിച്ച് ചെയർമാൻ ഇഖ്ബാൽ സിംഗ് ലാൽപുരയുടെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്.

ദേശീയ ന്യൂനപക്ഷ കമ്മീഷൻ സെന്റ് സ്റ്റീഫൻസ് സ്കൂളുമായി സഹകരിച്ച് സ്ഥാപക ഡയറക്ടർ ഹരോൾഡ് കാർവറിന്റെ മാർഗനിർദേശപ്രകാരം സംഘടിപ്പിച്ച യോഗത്തിൽ ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയും മതനേതാക്കളുടെയും സജീവ പങ്കാളിത്തം ലഭിച്ചു. ചണ്ഡീഗഡിലെ ക്രിസ്ത്യൻ സമൂഹത്തെ ഉന്നമിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള പരാതികൾ പരിഹരിക്കുന്നതിനും നടപടികൾ നടപ്പിലാക്കുന്നതിനുമുള്ളതാണ് യോഗത്തിന്റെ അജണ്ട. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കിടയിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ ഇല്ലാതാക്കുന്നതിനും കൂടുതൽ ഉൾക്കൊള്ളുന്നതും പിന്തുണ നൽകുന്നതുമായ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനുള്ള തന്ത്രങ്ങളെ ചുറ്റിപ്പറ്റിയാണ് പ്രധാന ചർച്ചകൾ. ദേശീയ ന്യൂനപക്ഷ കമ്മിഷന്റെ ഉപദേശകനും വിദഗ്ധ പാനലിസ്റ്റുമായി സേവനമനുഷ്ഠിക്കുന്ന അർനസ് മസിഹ് പരിപാടിയുടെ കോർഡിനേറ്ററായി നിർണായക പങ്ക് വഹിച്ചു.



EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

### ഫെബ്രുവരി 13

**സദൃ. 6:2** ദൈവം ഒരു മനുഷ്യന് ധനവും ഐശ്വര്യവും മാനവും നല്കുന്നു; അവൻ ആഗ്രഹിക്കുന്ന ഒന്നിനും അവന് കുറവില്ല; എങ്കിലും അത് അനുഭവിക്കുവാൻ ദൈവം അവന് അധികാരം കൊടുക്കുന്നില്ല.

എഡിറ്റോറിയൽ



പാസ്റ്റർ
അനു കോശി

# മാറ്റമില്ലാത്ത സന്ദേശം

പലരും പലതും മാറ്റിപ്പറയുകയും പലതും മാറി മറിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പണ്ട് തെറ്റെന്ന് പറഞ്ഞത് പലതും ഇന്ന് ശരിയായി മാറിയിരിക്കുന്നു. പണ്ടത്തെ പല ശരികളും ഇപ്പോൾ തെറ്റായും മാറിയിരിക്കുന്നു. പണ്ട് നിഷ്കളങ്കമായി പറഞ്ഞിരുന്ന പല തമാശകളും ഇന്ന് പൊളിറ്റിക്കലി റോങ്ങ് ആണ് : കേസെടുക്കാൻ വരെ വകുപ്പുണ്ട്. പണ്ട് എഴുതപ്പെട്ടതു പോലെയുള്ള ചില കഥകളോ കവിതകളോ എഴുതുക ഇന്ന് സാധ്യമല്ല. കാരണം അവയിൽ പലതും ഇന്നിന്റെ ചിന്താധാരക്ക് ഒത്ത് ഒഴുകുന്നതല്ല. അവയിൽ പലതും കൈകാര്യം ചെയ്ത വിഷയങ്ങൾ ഇന്നിന്റെ സാഹചര്യത്തിൽ ന്യായീകരണം കണ്ടെത്താൻ കഴിയാത്തവയാണ്.

സഭയിലേക്ക് വന്നാലും പണ്ട് തെറ്റെന്ന് പറഞ്ഞിരുന്നത് പലതും ഇന്ന് തെറ്റല്ല. പണ്ടത്തെ ശരികൾ ചിലത് ഇന്ന് ശരിയല്ല. പണ്ട് പാടി ആരാധിച്ച ഗാനങ്ങളിലെ ചില വരികൾ ഇത്തിന്റെ ശരികളുമായി ചേർത്തു പാടുവാൻ കഴിയുന്നില്ല.

എന്നാൽ അന്നും ഇന്നും ഇനി എന്നേക്കും മാറ്റമില്ലാത്തതായ ഒരു സത്യമുണ്ട്: 'കർത്താവായ യേശുക്രിസ്തു ലോകത്തിന്റെ രക്ഷിതാവ് ആകുന്നു' എന്നത്. ഒന്നാം നൂറ്റാണ്ടിൽ അപ്പോസ്തോലൻമാർ ഈ മഹാ സത്യം പ്രഘോഷിച്ചു. നൂറ്റാണ്ടുകളിലൂടെ അവിരാമം പ്രസംഗിക്കപ്പെട്ട ആ മഹാസന്ദേശം ഇന്നും ഉച്ചൈസ്തരം ഉദ്ഘോഷിക്കപ്പെടുന്നു. ആ സന്ദേശത്തിന് ഇന്നും മാറ്റമില്ല; മാറ്റം വരുത്തുവാൻ ആരാലും കഴിയുന്നതുമല്ല. യേശുവാണ് ലോക' രക്ഷിതാവ്. പാപങ്ങളെ ക്ഷമിക്കുവാൻ അധികാരം ഉള്ളവൻ ഒരുവൻ മാത്രം. ഈ സന്ദേശത്തിന് ഇന്നുവരെ മാറ്റമില്ല; പക്ഷേ ഈ സന്ദേശം മാറ്റി മറിച്ച ആളുകളും രാഷ്ട്രങ്ങളും തത്വസംഹിതകളും ചിന്താധാരകളും എത്രയോ അധികമാണ്.

ഒന്നിനാലും മാറ്റം സംഭവിക്കാത്ത എന്നാൽ എല്ലാറ്റിനേയും മാറ്റി മറിക്കുന്ന ആ മഹാസന്ദേശത്തിന്റെ വാഹകരാകാൻ, ആ സ്നേഹം രുചിച്ചറിയുവാൻ, അതിനൊത്തു ജീവിക്കുവാൻ ഭാഗ്യം സിദ്ധിച്ച നാം എത്രയോ അനുഗ്രഹിക്കപ്പെട്ടവരാണ്.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### നോർവേ

| | |
|---|---|
| തലസ്ഥാനം | : ഓസ്ലോ |
| ഭാഷ | : നോർവിജിയൻ, സാമി |
| ജനസംഖ്യ | : 5,474,360 |
| പ്രസിഡണ്ട് | : ജോനസ് ഗഹർ സ്റ്റോർ |
| മതം | : ക്രിസ്ത്യൻ |

നോർവീജിയൻ സഭകളുടെ ഉണർവിനും മികച്ച നിലയിൽ ബൈബിൾ പഠിപ്പിക്കുന്ന ദൈവദാസന്മാരെ ദൈവം എഴുന്നേൽപിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുക.

കുടിയേറ്റക്കാരോടും കഷ്ടത അനുഭവിക്കുന്ന പെൺകുട്ടികളോടും ജനം അനുകമ്പയോടെ പെരുമാറാനായി പ്രാർത്ഥിക്കുക.

ധനത്തിലും സ്ഥാനത്തിനുമല്ല പകരം യഥാർത്ഥമായി യേശുവിനെ അനുഗമിക്കുന്നതിന് ജനം തയ്യാറാകണം. ജനത്തിന് ആ ബോധ്യം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക



# ലേക്‌വുഡ് ചർച്ചിൽ വെടിവെപ്പ്: ഒരാൾ കൊല്ലപ്പെട്ടു







ന്യൂയോർക്ക്: ലോക പ്രശസ്ത സുവിശേഷകൻ ജോയൽ ഓസ്റ്റീൻ ശുശ്രൂഷിക്കുന്ന ലേക്‌വുഡ് ചർച്ചിൽ ഞായറാഴ്ച ഉച്ച തിരിഞ്ഞുള്ള സ്പാനിഷ് ആരാധനക്കിടെ വെടിവെപ്പ്. രണ്ട് പേർക്ക് പരിക്ക്.

വെടി ഉതിർത്ത അക്രമകാരിയായ യുവതി പൊലിസുമായുള്ള ഏറ്റുമുട്ടലിനിടെ കൊല്ലപ്പെട്ടു. അഞ്ച് വയസ്സ് തോന്നിക്കുന്ന ഒരു ആൺ കുട്ടിക്കൊപ്പമാണ് യുവതി പള്ളിയിൽ പ്രവേശിച്ചത്.വെടികൊണ്ട് കുട്ടിയുടെ നിലയും ഗുരുതരമാണ്.

പരിക്കേറ്റവരെല്ലാം ചികിത്സയിലാണെന്ന് ഹൂസ്റ്റൺ ഫയർ ചീഫ് സാമുവൽ പെന മാധ്യമങ്ങളോട് അറിയിച്ചു.



# ഖത്തറിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട എട്ട് പേർക്കും മോചനം; ഇന്ത്യയുടെ നയതന്ത്ര ഇടപെടൽ വിജയകരം

ദോഹ: ചാരവൃത്തി ആരോപിച്ച് ഖത്തറിൽ തടവിലാക്കപ്പെട്ട മലയാളി അടക്കം എട്ട് മുൻ ഇന്ത്യൻ നാവിക സേനാംഗങ്ങൾക്കും മോചനം. കോടതി വധശിക്ഷക്ക് വിധിച്ച എട്ട് പേരേയും ഖത്തർ വെറുതെ വിട്ടു.

ഇതോടെ മാസങ്ങൾ നീണ്ട ഇന്ത്യയുടെ നയതന്ത്ര ഇടപെടലാണ് വിജയം കാണുന്നത്. ഖത്തറിന്റെ നടപടിയെ വിദേശകാര്യ മന്ത്രാലയം സ്വാഗതം ചെയ്തു. വെറുതെ വിട്ട എട്ട് പേരിൽ ഏഴ് പേരും ഖത്തറിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു

ഖത്തറിൽ തടങ്കലിലായ ദഹ്റ ഗ്ലോബൽ കമ്പനിയിൽ ജോലി ചെയ്യുന്ന എട്ട് ഇന്ത്യൻ പൗരന്മാരുടെ മോചനത്തെ ഇന്ത്യാ ഗവൺമെന്റ് സ്വാഗതം ചെയ്യുന്നു. അവരിൽ എട്ട് പേരിൽ ഏഴ് പേർ ഇന്ത്യയിലേക്ക് മടങ്ങി. ഈ പൗരന്മാരുടെ മോചനവും നാട്ടിലേക്ക് വരലും സാധ്യമാക്കാനുള്ള ഖത്തർ സ്റ്റേറ്റ് അമീറിന്റെ തീരുമാനത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു.,' വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

# ബൈബിൾ സൊസൈറ്റിയുടെ പുതിയ ബൈബിളുകളുടെ പ്രകാശനം മാരാമണ്ണിൽ

തിരുവല്ല : ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ പ്രസിദ്ധീകരണമായ വിദേശത്ത് അമിറ്റി പ്രസ്സിൽ അച്ചടിച്ച ആകർഷകമായ ബൈബിളുകൾ 129 മത് മാരാമൺ കൺവെൻഷനോട് അനുബന്ധിച്ച് അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു. അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ (ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, വർക്കിംഗ് കമ്മിറ്റി അംഗം), അഭി. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത (ഓക്സിലിയറി മുൻ പ്രസിഡന്റ്) , വെരി. റവ. കെ. വൈ. ജേക്കബ് (ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി സബ്സ്റ്റിട്യൂട്ട് അംഗം, ഓക്സിലിയറി കമ്മിറ്റി അംഗം), റവ. എബി റ്റി. മാമ്മൻ (സഭാ സെക്രട്ടറി) , റവ. എബി കെ. ജോഷ്വ (സന്നദ്ധ സുവിശേഷക സംഘം ജനറൽ സെക്രട്ടറി) റവ. ജേക്കബ് ആന്റണി കൂടത്തിങ്കൽ (ഓക്സിലിയറി സെക്രട്ടറി) , മറ്റു വൈദീകരും അൽമായരും സന്നിഹിതരായിരുന്നു.

# അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡ് സിൽവർ ജൂബിലി നിറവിൽ

അറ്റ്ലാന്റാ: അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡ് സിൽവർ ജൂബിലി നിറവിൽ. ഇതിന്റെ ഭാഗമായി വിവിധ പദ്ധതികൾക്ക് തുടക്കമായി. കൺവൻഷനുകൾ, സുവിശേഷ പ്രവർത്തനങ്ങൾ, ആത്മീയ സംഗമങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായം എന്നിവ നടത്തുമെന്ന് സഭാ അധികൃതർ അറിയിച്ചു. അമേരിക്കയിൽ വളർന്നുകൊണ്ടിരിക്കുന്ന അറ്റ്ലാന്റായിലെ ഏറ്റവും വലിയ മലയാളി പെന്തക്കോസ്തു സഭകളിൽ ഒന്നാണ് അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡ്. ദൈവസഭയുടെ പ്രസിഡൻറും സീനിയർ പാസ്റ്ററായും റവ. എബി മാമ്മനും അസ്സോസിയേറ്റ് പാസ്റ്ററായി കോളിൻസ് ചാക്കോയും യൂത്ത് പാസ്റ്ററായി ഡേവീസ് എബ്രഹാമും സേവനമനുഷ്ഠിക്കുന്നു. റവ. സി.വി. ആൻഡ്രൂസ് ഇപ്പോൾ സഭയുടെ പേട്രൻ ആയി തുടരുന്നു.




# ഫെബ്രു 13: ഇന്ത്യയിൽ വനിതാദിനം

സരോജിനി നായിഡുവിന്റെ പിറന്നാൾ ദിനമായ ഫെബ്രു 13 ഇന്ത്യയിൽ വനിതാദിനമായി ആചരിക്കുന്നു. ബാല പ്രതിഭയും സ്വാതന്ത്ര്യ സമര സേനാനിയും കവയിത്രിയും ആയിരുന്ന നായിഡു ഇന്ത്യയുടെ വാനമ്പാടി എന്നാണ് അറിയപ്പെടുന്നത്. പദ്യഗദ്യ സാഹിത്യരംഗത്തെ സംഭാവനകൾ മാനിച്ച് ഗാന്ധിജി ഇവർക്ക് ഭാരതകോകിലം എന്ന പേരും നല്കി. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വനിതയായ ആദ്യത്തെ അദ്ധ്യക്ഷയായിരുന്നു നായിഡു. പിൽക്കാലത്ത് ഉത്തർപ്രദേശിൽ ഗവർണ്ണറായതോടെ നായിഡു തന്നെയായി രാജ്യത്തെ ആദ്യത്തെ വനിതാ ഗവർണറും . സ്വാതന്ത്ര്യ സമരത്തിൽ സജീവയായിരുന്നു. ദണ്ഡിയാത്രയിൽ മഹാത്മാ ഗാന്ധിയെ അനുഗമിച്ചു. ബംഗാളിൽ നിന്നും ഹൈദരാബാദിലേക്ക് താമസം മറ്റേണ്ടിവന്ന ഡോക്റ്റർ അഘോരനാഥ് ചട്ടോപാധ്യായുടേയും പത്നി വരദാ സുന്ദരി ദേവിയുടേയും മൂത്ത മകളായ സരോജിനി 1879 ഫെബ്രുവരി 13നാണ് ജനിച്ചത്. മദ്രാസ്, ലണ്ടൻ എന്നി വിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. പഠനകാലത്ത് കവിതാരചനയിൽ മികവ് പ്രകടിപ്പിച്ചു. മെട്രിക്കുലേഷൻ ഒന്നാം റാങ്കോടെ പാസ്സായി. റോയൽ ലിറ്ററി സൊസൈറ്റി അംഗമായ ഇവർ വിവിധ സർവകലാശാലകളിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കി. 1898ൽ മിശ്രവിവാഹം അസാധാരണമായിരുന്ന കാലത്ത് ജാതിവ്യവസ്ഥയെ എതിർത്തുകൊണ്ട് അബ്രാഹ്മണനായ ഗോവിന്ദ രാജമോർ നായിഡുവിനെ വിവാഹം കഴിച്ചതോടെയാണ് ഇവർ സരോജിനി നായിഡുവായത്. ഗാന്ധിജി, ഗോഖലെ എന്നിവരുടെ സ്വാധീനംമൂലം ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടയായ ഈ മഹിളാരത്നം ജീവിതാന്ത്യം വരെ പൊതുരംഗത്ത് സജീവമായിരുന്നു

# മൊബൈൽ ഫ്ളോട്ടിംഗ് ഫയർ സ്റ്റേഷൻ ദുബായിയിൽ



ദുബായ്: ലോകത്തിലെ ആദ്യത്തെ സുസ്ഥിര മൊബൈൽ ഫ്ളോട്ടിംഗ് ഫയർ സ്റ്റേഷൻ ദുബായിയിൽ ആരംഭിച്ചു. ദുബായ് സിവിൽ ഡിഫൻസ് ഉടമസ്ഥതയിലുള്ള ഫയർ സ്റ്റേഷന്റെ ലക്ഷ്യം വേഗത്തിലുള്ള പ്രതികരണ ശേഷിയും കവറേജും വർദ്ധിപ്പിക്കുകയാണ്. ഫയർ ആൻഡ് റെസ്ക്യൂ സേവനങ്ങൾ നിരന്തരം മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി സുസ്ഥിരത ഉയർത്തുന്നതിനുമുള്ള ദുബായുടെ തന്ത്രത്തിന്റെ ഭാഗമാണിത്. സമുദ്ര പ്രവർത്തനങ്ങൾ സംരക്ഷിക്കുന്നതിൽ ഉയർന്ന കാര്യക്ഷമത പ്രദാനം ചെയ്യുന്നതിനായാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ ലോകത്തിലെ ഇത്തരത്തിലുള്ള ആദ്യത്തെ ഫ്ളോട്ടിംഗ് ഘടന പരമ്പരാഗത മറൈൻ ഫയർ സ്റ്റേഷനുകളേക്കാൾ 70% ചെലവ് കുറഞ്ഞതാണ്. സുരക്ഷയുടെയും കാര്യക്ഷമതയുടെയും കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. ഒപ്പം പരിസ്ഥിതി സംരക്ഷണത്തോടുള്ള ദുബായിയുടെ പ്രതിബദ്ധതയും കാത്തുസൂക്ഷിക്കുന്നു. 16 വ്യക്തികളെ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്.

# അമേരിക്കയെയും യൂറോപ്പിനെയും ഞെട്ടിച്ച് സൗദി അറേബിയയുമായി ആയുധക്കരാർ ഒപ്പിട്ട് ഇന്ത്യ

റിയാദ് : അമേരിക്കയെയും യൂറോപ്പിനെയും ഞെട്ടിച്ചു വൻ നീക്കമാണ് ഇന്ത്യ ജി സി സി യിൽ നടത്തിയിരിക്കുന്നത്. സുപ്രധാന നീക്കത്തിൽ, ഇന്ത്യൻ പ്രതിരോധ ഉല്പന്നമായ മ്യൂണിയൻസ് ഇന്ത്യ ലിമിറ്റഡ് സൗദി അറേബ്യയിലേക്ക് പീരങ്കി വെടിമരുന്ന് വിതരണം ചെയ്യുന്നതിനായി 225 ദശലക്ഷം ഡോളറിന്റെ (18,67,38,75,000 രൂപ) കരാർ ഒപ്പിട്ടു. ഒകഘയുടെ പങ്കാളിയായ ചമറ്യമവ കമ്പനി സുഗമമാക്കിയ കരാർ, റിയാദിൽ നടന്നു കൊണ്ടിരിക്കുന്ന വേൾഡ് ഡിഫൻസ് ഷോയിൽ ആണ് ഔദ്യോഗികമായി കരാർ ഒപ്പുവെച്ചത്. സൗദി അറേബ്യയിലെ ജനറൽ അതോറിറ്റി ഓഫ് മിലിട്ടറി ഇൻഡസ്ട്രീസ് ഗവർണർ അഹമ്മദ് അബ്ദുൽ അസീസ് അൽ ഒഹാലി, ഇന്ത്യൻ പ്രതിരോധ മന്ത്രി അജയ് ഭട്ട് എന്നിവർ ഒപ്പുവെക്കൽ ചടങ്ങിൽ പങ്കെടുത്തു. ഏറ്റവും വലിയ ഇന്ത്യൻ പ്രതിരോധ കയറ്റുമതി ഓർഡറുകളിലൊന്നായ ഈ കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള സമീപകാല ഉഭയകക്ഷി സൈനികാഭ്യാസത്തിന്റെ ഫലമാണ്. ഇന്ത്യയിലെ പ്രതിരോധ പൊതുമേഖലാ സ്ഥാപനമായ മ്യൂണിഷൻ ഇന്ത്യ, ഇന്ത്യയിലെ ആദ്യത്തെ 155 സ്മാർട്ട് വെടിമരുന്ന് വികസിപ്പിക്കുന്നതിന് ഐഐടിഎമ്മുമായി ചേർന്ന് പ്രവർത്തിക്കുന്നു.

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഡൽഹി സെന്റർ സംയുക്ത ആരാധന സമാപിച്ചു

ഡൽഹി: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഡൽഹി സെന്റർ സംയുക്ത ആരാധന ഡാബ്രി മോഡ് എം സി ഡി കമ്മ്യൂണിറ്റി ഹാളിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോൺ തോമസ് അധ്യക്ഷത വഹിച്ചു. സഭാ അന്തർദേശീയ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ്, നോർത്തേൺ റീജിയൻ പ്രസിഡന്റ് പാസ്റ്റർ എം ഡി സാമുവേൽ എന്നിവർ സന്ദേശം നൽകി. പാസ്റ്റർമാരായ ജയകുമാർ, അനിയൻ സാമുവേൽ, സന്തോഷ് എബ്രഹാം, അസ്സോ. സെന്റർ മിനിസ്റ്റർ പാസ്റ്റർ റെജി ആന്റണി, സെക്രട്ടറി പാസ്റ്റർ ജി ജയകുമാർ എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ശാരോൻ ക്വയർ ഗാനങ്ങൾ ആലപിച്ചു.

# കുട്ടികളെ ക്രിസ്തീയ വിശ്വാസത്തിൽ നിന്ന കറ്റാൻ ചൈനീസ് ഭരണകൂടം

ബീജിംഗ് : ക്രിസ്ത്യാനികളാണോ എന്ന് പ്രഖ്യാപിക്കാൻ സ്കൂൾ കുട്ടികളെ അധികൃതർ ചോദ്യം ചെയ്യുകയും, ക്രിസ്ത്യാനികളാണ് എന്ന് അറിഞ്ഞാൽ, ക്രിസ്തുമതം ഉപേക്ഷിക്കുമെന്ന് ഒരു പ്രഖ്യാപനത്തിൽ ഒപ്പിടണം എന്നതാണ് സർക്കാർ നിബന്ധന. ലോകമെമ്പാടുമുള്ള പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളെ പിന്തുണയ്ക്കുന്ന സംഘടനയായ റിലീസ് ഇന്റർനാഷണലിന്റെ ചൈനീസ് പ്രവർത്തകർ വെളിപ്പെടുത്തി. കുട്ടികളെ ക്രിസ്തീയ വിശ്വാസത്തിൽ നിലനിർത്താൻ ചൈനീസ് കുടുംബങ്ങൾ ഇപ്പോൾ ബുദ്ധിമുട്ടുകയാണ് ചൈനയിലെ കുട്ടികളെ നിരവധി വർഷങ്ങളായി സഭാ ശുശ്രൂഷകളിൽ നിന്ന് ഔദ്യോഗികമായി വിലക്കിയിട്ടുണ്ട്. ക്രിസ്തീയ വിശ്വാസം പിന്തുടരാൻ കുടുംബങ്ങൾ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അതിന്റെ പിന്നിൽ മറ്റു അനന്തരഫലങ്ങളുണ്ടെന്ന് റിലീസ് ഇന്റർനാഷണലിന്റെ ചൈനീസ് പ്രവർത്തകൻ ബോബ് ഫു പറയുന്നു. ക്രിസ്ത്യാനിറ്റിയിൽ വിശ്വസിക്കുന്നതിൽ നിന്ന് കുട്ടികളെ പിന്തിരിപ്പിക്കുന്നതിൽ മാതാപിതാക്കൾ പരാജയപ്പെട്ടാൽ ഗ്രാൻഡ് പാരന്റസിനു സർക്കാർ ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയും ചെയ്യും . റിലീസ് ഇന്റർനാഷണലിന്റെ 2024 പെർസിക്യൂഷൻ ട്രെൻഡ്സ് റിപ്പോർട്ട് പറയുന്നത് ചൈനയിൽ പീഡനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണെന്നും ഭരണകൂടത്തിന്റെ ഇടപെടലിന്റെ തോത് കാരണം ഔദ്യോഗികവും അനൗദ്യോഗികവുമായ നിരവധി പള്ളികൾ അടച്ചുപൂട്ടിയിരിക്കുകയാണെന്നും പറയുന്നു.

# പശ്ചിമേഷ്യ ഇളകാൻ തുടങ്ങി : ആദ്യം സൗദി അറേബ്യ; ഇപ്പോൾ ഈജിപ്ത്, ഇടപെട്ട് യു.എ.ഇ.

റിയാദ്/കെയ്റോ: 129 ദിവസം മുമ്പാണ് ഹമാസ്ഇസ്രായേൽ പ്രശ്നം ഏറ്റവും ഒടുവിൽ രൂക്ഷമായിത്തുടങ്ങിയത്. ആദ്യം എല്ലാവരും ഇസ്രായേൽ ആക്രമണത്തിനെതിരെ രംഗത്തുവന്നെങ്കിലും പ്രതിഷേധ സ്വരം ഒടുവിൽ ഇറാൻ, ഹിസ്ബുല്ല, ഹൂതികൾ എന്നിവരിൽ നിന്ന് മാത്രമായി. എന്നാൽ ഇപ്പോൾ എല്ലാം അട്ടിമറിഞ്ഞിരിക്കുന്നു. ഇസ്രായേലിനെ യുഎന്നിൽ നിന്ന് പുറത്താക്കണമെന്ന് ഇറാൻ ആവശ്യപ്പെട്ടു. ആക്രമണം നിർത്തില്ലെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ആവർത്തിക്കുകയാണ്. വടക്കൻ ഗാസയിൽ നിന്ന് പലസ്തീൻകാർ കൂട്ടത്തോടെ തെക്കൻ ഗാസയിലെത്തി. കഴിഞ്ഞ ദിവസം ഇസ്രായേൽ തെക്കൻ ഗാസയിൽ ആക്രമണം നടത്തി മുപ്പതോളം പേരെ കൊലപ്പെടുത്തി. ഇനിയും ആക്രമണം തുടർന്നാൽ പലസ്തീൻകാർ റഫാ അതിർത്തി കടക്കുമെന്ന സാഹചര്യം വന്നപ്പോഴാണ് പ്രമുഖ രാജ്യങ്ങളുടെ സ്വരം മാറുന്നത്. പലസ്തീനും ഈജിപ്തിനുമിടയിലുള്ള അതിർത്തിയാണ് റഫാ. ഈ നഗരത്തിലാണ് ലക്ഷക്കണക്കിന് പലസ്തീൻ അഭയാർഥികൾ താമസിക്കുന്നത്. പലായനം ചെയ്തെത്തിയവർക്ക് നേരെ ആക്രമണം നടത്തിയ ഇസ്രായേൽ നടപടി ഒരിക്കലും അംഗീകരിക്കാനാകില്ലെന്ന് യുഎഇ, സൗദി, ജോർദാൻ, ഈജിപ്ത് എന്നീ രാജ്യങ്ങൾ വ്യക്തമാക്കി.

# പാരിസ്ഥിതിക ഘടകങ്ങളാണ് ക്രിസ്ത്യൻ പീഡനത്തിന് കാരണം: യൂറോപ്പ്യൻ പാർലമെന്റ്

നൈജീരിയ : നൈജീരിയയിൽ ക്രിസ്മസ് രാവിൽ നടന്ന ക്രിസ്ത്യാനികളുടെ കൂട്ടക്കൊലയെ യൂറോപ്യൻ പാർലമെന്റ് അപലപിച്ചു,എന്നാൽ അക്രമത്തിന് കാരണം ഇസ്ലാമിക തീവ്രവാദമല്ല,കാലാവസ്ഥാ വ്യതിയാനവും പാരിസ്ഥിതിക തകർച്ചയും ആണെന്ന് കുറ്റപ്പെടുത്തി .2023 ക്രിസ്മസ് സീസണിൽ, നൈജീരിയയിലെ സെൻട്രൽ പീഠഭൂമി സ്റ്റേറ്റിൽ 20ലധികം കമ്മ്യൂണിറ്റികളിലായി 195 ക്രിസ്ത്യാനികളെ ഫുലാനി തീവ്രവാദികൾ കൊന്നു. ആക്രമണങ്ങളിൽ 300ലധികം പേർക്ക് പരിക്കേൽക്കുകയും വീടുകൾ നശിപ്പിക്കുകയും എട്ട് പള്ളികൾ കത്തിക്കുകയും 15,000 പേരെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. യൂറോപ്യൻ യൂണിയൻ പ്രമേയം പ്രസ്താവിക്കുന്നത്, 'സംഘർഷം കൂടുതൽ മതപരമായ രീതിയിൽ വിവരിക്കപ്പെടുന്നു, മതനിന്ദ ആരോപണം വളരെ അപകടകരവുമാണ്. കുറ്റവാളികളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല, ദ്രുതഗതിയിലുള്ള കാലാവസ്ഥാ വ്യതിയാനം മൂലം ഭൂമിക്കായുള്ള മത്സരം, അധികാരികളുടെ പരാജയം എന്നിങ്ങനെയുള്ള നിരവധി ഘടകങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. അക്രമത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുക, അതാണ് നൈജീരിയൻ അധികാരികളോട് ആവശ്യപ്പെടുന്നത് .

# കാൻസർ രോഗനിർണയം പ്രഖ്യാപിച്ചതിന് ശേഷമുള്ള ചാൾസ് രാജാവിന്റെ ആദ്യ പൊതു യാത്ര പള്ളിയിലേക്ക്




യു. കെ.: 75 കാരനായ ചാൾസ് രാജാവിന് ക്യാൻസർ ആണെന്ന് തിങ്കളാഴ്ച ബക്കിംഗ്ഹാം കൊട്ടാരം അറിയിച്ചിരുന്നു . രോഗനിർണയത്തിന് ശേഷമുള്ള ആദ്യ പൊതു യാത്രയായിരുന്നു പള്ളിയിലേക്ക് . ഗ്രാമീണ സാൻഡ്രിംഗ്ഹാം എസ്റ്റേറ്റിൽ സമയം ചെലവഴിക്കുകയാണ് ചാൾസ്. സാൻഡ്രിംഗ്ഹാമിലെ സെന്റ് മേരി മഗ്ദലീൻ പള്ളിയിൽ ഭാര്യ കാമിലയ്ക്കൊപ്പം തവിട്ടുനിറത്തിലുള്ള ഓവർ കോട്ട് ധരിച്ച്,കുടയും പിടിച്ചാണ് രാജാവ് എത്തിയത്. മാതാവ് എലിസബത്ത് രാജ്ഞിയുടെ മരണത്തെത്തുടർന്ന് രാജാവ് സിംഹാസനത്തിൽ ഇരിക്കാൻ തുടങ്ങിയിട്ട് 18 മാസത്തിൽ താഴെ മാത്രമേ ആയിട്ടുള്ളൂ.

# മനുഷ്യന്റെ കല്പനാ ശക്തിക്ക് പകരം വയ്ക്കാവുന്നതല്ല സാങ്കേതിക വിദ്യ : ഫ്രാൻസിസ് മാർപാപ്പാ



വത്തിക്കാൻ : മനുഷ്യൻറെ കല്പനാശക്തിക്ക് പകരം വയ്ക്കാവുന്നതല്ല സാങ്കേതിക വിദ്യയെന്ന് മാർപാപ്പാ. കൈത്തൊഴിലാളികളുടെ കരവേലകൾ മനുഷ്യന്റെ നൈപുണ്യത്തെയും സർഗ്ഗാത്മകതയെയും മൂല്യവത്ക്കരിക്കുന്നുവെന്ന് പറഞ്ഞ മാർപാപ്പാ ഉല്പാദന രംഗത്ത് യന്ത്രങ്ങളുടെ കടന്നുവരവിനെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ട് സാങ്കേതിക വിദ്യ സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആളുകൾ കണ്ടുപിടുത്തം നടത്തുമ്പോൾ യന്ത്രങ്ങളാകട്ടെ അസാധാരണ വേഗതയോടെ പകർപ്പുകൾ ഉണ്ടാക്കുക മാത്രമാണ് ചെയ്യുന്നതെന്ന് പറഞ്ഞു. കൈത്തൊഴിലാളി സംഘടനയായ 'കൊൺഫാർത്തിജനാത്തൊ'യിലെ അയ്യായിരത്തോളം പ്രതിനിധികളെ വത്തിക്കാനിൽ, പോൾ ആറാമൻശാലയിൽ സ്വീകരിച്ചുകൊണ്ട് സന്ദേശം നൽകുകയായിരുന്നു മാർപാപ്പ. കൈത്തൊഴിലാളികളുടെ പ്രവർത്തനത്തിൽ മനുഷ്യശരീരത്തിലെ മൂന്ന് അവയവങ്ങൾ, അതായത്, കരങ്ങളും കണ്ണുകളും കാലുകളും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം തദവസരത്തിൽ ഉദ്ബോധിപ്പിച്ചു.

# അഭയം തേടിയവരുടെ 'ചെറിയ എണ്ണം' മതംമാറ്റങ്ങൾ യഥാർത്ഥമായിരിക്കില്ല : ബിഷപ്പ് ഗുലി ഫ്രാൻസിസ് ദെഹ്ഖാനി

ചെംസ്ഫോർഡ് : യു കെയിൽ നിന്നുള്ള ആളാണോ അല്ലയോ എന്നത് പരിഗണിക്കാതെ, ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം യഥാർത്ഥമാണോ എന്ന് അറിയാൻ വളരെ ബുദ്ധിമുട്ടാണെന്ന് ചെംസ്ഫോർഡ് ബിഷപ്പ് ഗുലി ഫ്രാൻസിസ്ദെഹ്ഖാനി ബിബിസി സൺഡേ പ്രോഗ്രാമിൽ പറഞ്ഞു , വ്യാജ മതപരിവർത്തനത്തിലൂടെ അഭയം തേടുന്നവർക്കായി ചർച്ച് ഓഫ് ഇംഗ്ലണ്ട് കൂട്ടുനിൽക്കുന്നു എന്ന അവകാശവാദങ്ങൾ ചർച്ച ചെയ്തു. ആളുകൾ 'ഞങ്ങളെ കബളിപ്പിക്കാൻ' ശ്രമിക്കുന്ന 'കുറച്ച് കേസുകൾ' ഉണ്ടാകുമെന്നും എന്നാൽ സ്നാനത്തിനുള്ള തയ്യാറെടുപ്പ് 'വളരെ കർക്കശമായ'താണെന്നും ചിലർ അത് ഉപേക്ഷിക്കുക പോലും ചെയ്യുമെന്നും അവർ പറഞ്ഞു.

'ഞങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഞങ്ങൾ ഗൗരവമായി എടുക്കുന്നു, എന്നാൽ ക്രിസ്ത്യാനികൾ എന്ന നിലയിൽ ഞങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തം സ്വാഗതവും ആതിഥ്യമര്യാദയും പിന്തുണയും പഠിപ്പിക്കലും ആണെന്ന് ഞങ്ങൾക്കറിയാം, അതിനാൽ അത് ബുദ്ധിപൂർവ്വമായ രീതിയിൽ ചെയ്യേണ്ടതുണ്ട്. ഞങ്ങളെ വഞ്ചിക്കാൻ ശ്രമിക്കുന്ന ആളുകളുണ്ട്, 'അവർ പറഞ്ഞു. ഇറാനിൽ നിന്ന് അഭയാർത്ഥിയായി ബ്രിട്ടനിലെത്തിയ ബിഷപ്പ്, മതപരിവർത്തനത്തെക്കുറിച്ച് വികാരിമാർക്കുള്ള ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശത്തെക്കുറിച്ച് ഒരു അവലോകനത്തിന് തയ്യാറാണെന്ന് പറഞ്ഞു, എന്നാൽ ഒരിക്കലും പൂർണ്ണമായ ഉറപ്പ് ഉണ്ടാകില്ലെന്ന് കൂട്ടിച്ചേർത്തു.'എപ്പോഴും ആളുകളുടെ ഹൃദയത്തിലേക്ക് നോക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. 'എന്നാൽ ഞങ്ങൾ പുരോഹിതന്മാരെ തങ്ങളാൽ കഴിയുന്ന ഏറ്റവും മികച്ചത് ചെയ്യാൻ ഉപദേശിക്കുന്നു. ഇവിടെ സംഭവിക്കുന്നത് ഒരു ചെറിയ എണ്ണം കേസുകൾ ഉണ്ടാകും എന്നതാണ്.'പിന്നീട് നടന്ന ചർച്ചയിൽ, മാമ്മോദീസയ്ക്കുള്ള ഒരു സ്ഥാനാർത്ഥി ആത്മാർത്ഥതയുള്ളവനാണെന്നും അതിന്റെ അർത്ഥമെന്താണെന്ന് മനസ്സിലാക്കുന്നവനാണെന്നും 'തങ്ങൾക്ക് കഴിയുന്നത്ര ആത്മവിശ്വാസമുള്ളവരായിരിക്കേണ്ട' ഉത്തരവാദിത്തം പുരോഹി

## ബൈബിളിലെ സ്ത്രീകൾ



സിസ്റ്റർ നീതു നിശാന്ത്
ഷാർജ

# നൊവൊമി മാതൃക അമ്മാവിയമ്മ

യെഹൂദായിലെ ബേത്‌ലഹേമിൽ നിന്നും മോവാബ് ദേശത്ത് പോയി പരദേശിയായി പാർത്ത എലീമേലെക്കിന്റെ ഭാര്യയായിരുന്നു നൊവൊമി. ഭർത്താവിന്റെയും രണ്ട് ആൺമക്കളുടെയും മരണശേഷം തന്റെ വീട്ടിലേക്ക് കയറിവന്ന മരുമക്കളെ ഇരുവരെയും ഒരുപോലെ സ്നേഹിക്കുന്നതിലും അവർക്ക് വേണ്ടി കരുതുന്നതിലും വളരെയധികം മാതൃകയുള്ള അമ്മാവിയമ്മ ആയി അവൾ മാറി. സ്വന്തം ജീവിതത്തിൽ കൈപ്പായത് സംഭവിച്ചിട്ടും മറ്റുള്ളവരോട് അവരെക്കുറിച്ച് പരാതി പറയാതെ തന്റെ മരുമക്കളെ അനുഗ്രഹത്തിലേക്കും പുതിയൊരു ജീവിതത്തിലേക്കും കയറ്റി വിടാൻ വേണ്ടി തന്നാൽ ആകുന്ന വിധം അവൾ ശ്രമിച്ചു. എന്നാൽ ഒരുവൾ തന്നെ ചുംബിച്ചു വിട്ടു പിരിഞ്ഞു മറ്റൊരുവൾ അവളോട് പറ്റി നിന്നു. അവിടെനിന്നാണ് അവരുടെ വാഗ്ദത്തത്തിലേക്കുള്ള യാത്ര ആരംഭിക്കുന്നത്. അങ്ങനെ ഇരുവരും ബേത്‌ലഹേമിലേക്ക് മടങ്ങി വരികയും തന്റെ ഭർത്താവിന്റെ കുടുംബത്തിലെ മഹാധനികനായിരുന്ന ബോവസിന്റെ അടുത്തേക്ക് അവർ അറിയാതെ തന്നെ ദൈവം അവരെ എത്തിക്കുകയുമായി രുന്നു. സ്വന്തം മകളെ പോലെ തന്റെ കൂടെ നിന്ന് തന്നെ സ്നേഹിച്ച് തന്നെ സംരക്ഷിക്കുന്ന മരുമകളുടെ ഭാവി ശ്രേഷ്ഠമായ കരങ്ങളിൽ എത്തിക്കുക എന്നത് പിന്നെ അവളുടെ വലിയൊരു ഉത്തരവാദിത്തം ആയി മാറുകയായിരുന്നു. അങ്ങനെ ദൈവത്തിന്റെ പദ്ധതിയും അവളുടെ ദൗത്യവും ഒന്നു ചേർന്നപ്പോൾ തന്റെ മരുമകളെ പുതിയൊരു കുടുംബ ജീവിതത്തിലേക്കു കയറ്റി വിടാൻ അവൾക്ക് കഴിഞ്ഞു. അങ്ങനെ തന്റെ വാർദ്ധക്യത്തിൽ അവൾക്കായി ഒരു വീണ്ടെടുപ്പുകാരനെ കൊച്ചുമകൻ എന്ന ചെറു പുഞ്ചിരിയിലൂടെ ദൈവം അവൾക്ക് നൽകി കൊടുത്തു. ജീവിതത്തിൽ മാറായുടെ അനുഭവങ്ങൾ വരുമ്പോഴും അതിനേക്കാൾ അപ്പുറമായി മറ്റുള്ളവരെ സ്നേഹിക്കുന്നതിലും അവർക്ക് വേണ്ടി കരുതുന്നതിലും നാം ശ്രദ്ധിക്കാറുണ്ടോ? എന്നാൽ അവിടെയാണ് നൊവൊമി എന്ന അമ്മാവിയമ്മ വ്യത്യസ്ത ആകുന്നത്. അങ്ങനെ നമുക്കും നൊവൊമിയെപ്പോലെ വ്യത്യസ്തർ ആകാൻ കഴിയുമെങ്കിൽ ദൈവത്തിന്റെ അനുഗ്രഹങ്ങളും കരുതലുകളും നമുക്കും അനുഭവിക്കാൻ കഴിയും.

തന്മാരുടേതാണെന്ന് അവർ പറഞ്ഞു.'തയ്യാറെടുപ്പ് മിക്ക കേസുകളിലും വളരെ കർക്കശമാണ്, അത് ശരിയും ഉചിതവുമാണ്. ദൈവം വിലക്കട്ടെ, ആളുകൾ എവിടെ നിന്നാണ് വരുന്നതെന്നത് പരിഗണിക്കാതെ, നിങ്ങൾ അത് ഗൗരവമായി എടുക്കുമെന്ന് ഞാൻ കരുതുന്നു. 100 ശതമാനം തെളിയിക്കുക അസാധ്യമാണ്,' അവൾ പറഞ്ഞു.'എന്നാൽ ഞങ്ങൾക്ക് ഈ മാർഗ്ഗനിർദ്ദേശം ഉണ്ട്, മാമ്മോദീസാ ആഗ്രഹിക്കുന്നവർക്ക് അത് എന്താണ് അർത്ഥമാക്കുന്നത് എന്ന് പൂർണ്ണമായി മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്നത്ര ആത്മവിശ്വാസം വൈദികർക്ക് ഉണ്ടായിരിക്കണമെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു. ചില ആളുകൾ തട്ടിപ്പ് നടത്താൻ ശ്രമിക്കുകയാണെങ്കിൽ സിസ്റ്റത്തിൽ നിന്ന് അകന്നു പോകുന്നു, കാരണം അവർ ആഗ്രഹിക്കുന്നതിലും കൂടുതൽ സമയമെടുക്കുമെന്ന് അവർ മനസ്സിലാക്കുന്നു.'എന്നിരുന്നാലും, 'വളരെ ചെറിയ എണ്ണം' ദുരുപയോഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തെറ്റാണെന്ന് അവർ പറഞ്ഞു, കാരണം 'ഇത് വ്യവസ്ഥാപരമായ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുന്നു.

# ജയ് ശ്രീറാം വിളിക്കാനാവശ്യപ്പെട്ട് ആൾക്കൂട്ട മർദനം; നടപടിയെടുക്കാതെ പൊലീസ്

മുംബൈ: ജയ് ശ്രീറാം വിളിക്കാനാവശ്യപ്പെട്ട് ട്രെയിനിലും വീടിന് സമീപത്തുവെച്ചും സംഘപരിവാർ ബന്ധമുള്ളവർ തന്നെ മർദിച്ചുവെന്ന് ചൂണ്ടിക്കാട്ടി മുസ്ലിം യുവാവിന്റെ പരാതി. ഒന്നിലധികം തവണ പരാതി നൽകിയിട്ടും അതിൽ നടപടി സ്വീകരിക്കാതെ ആക്രമിച്ചവർ നൽകിയ പരാതിയിൽ തനിക്കെതിരെ പൊലീസ് കേസെടുത്തെന്നാണ് മഹാരാഷ്ട്രയിലെ കങ്കവലി സ്വദേശി ആസിഫ് ശൈഖിന്റെ ആരോപണം.

മുംബൈയിലേക്ക് പോകുമ്പോൾ ആയിരുന്നു ആദ്യമായി സംഘപരിവാർ പ്രവർത്തകരുടെ ആക്രമണം. ഡ്ഗാവ് എൽ.ടി.ടി എക്സ്പ്രസിൽ യാത്ര ചെയ്യുന്നതിനിടെ 3040ഓളം വരുന്ന വിദ്യാർത്ഥികൾ ജയ് ശ്രീറാം എന്ന് വിളിക്കാൻ ആവശ്യപ്പെടുക ആയിരുന്നുവെന്ന് പരാതിയിൽ ആസിഫ് പറയുന്നു. ഇത് ചോദ്യം ചെയ്തതിന് വിദ്യാർത്ഥികൾ തന്നെ മർദിച്ചുവെന്നും കുട്ടികളുടെ ദേഹത്തേക്ക് ചൂടുള്ള ചായ ഒഴിക്കുകയും ചെയ്തുവെന്നും പരാതിയിൽ പറയുന്നു. എന്നാൽ താൻ മോശമായി പെരുമാറിയെന്ന് ചൂണ്ടിക്കാട്ടി വിദ്യാർത്ഥികളുടെ സംഘത്തിൽ ഉണ്ടായിരുന്ന സ്ത്രീ നൽകിയ പരാതിയിൽ തനിക്കെതിരെ പൊലീസ് കേസെടുത്തെന്നും ആസിഫ് പറഞ്ഞു.

ഇതിനെ തുടർന്ന് ആസിഫും കുടുംബവും പൻവെൽ റെയിൽവേ പൊലീസിൽ പരാതി നൽകുകയും പിന്നീട് സമീപത്തെ പൊലീസ് സ്റ്റേഷനിൽ എത്തുകയുമായിരുന്നു. എന്നാൽ പരാതി നൽകിയിട്ടും കേസെടുക്കാൻ പൊലീസ് തയ്യാറായില്ലെന്ന് ആസിഫിന്റെ കുടുംബം പ്രതികരിച്ചു.

സ്റ്റേഷനിൽ എത്തിയപ്പോൾ പരാതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ബി.ജെ.പി നേതാക്കൾ അവിടെ എത്തിയിരുന്നുവെന്നും ആസിഫ് പറയുന്നു. എല്ലാ കാര്യങ്ങൾക്കും ദൃക്സാക്ഷികളായിട്ടും ഇതുസംബന്ധിച്ച വീഡിയോ ദൃശ്യങ്ങൾ പ്രചരിച്ചിട്ടും നിയമനടപടി സ്വീകരിക്കാൻ പൊലീസ് തയ്യാറായില്ലെന്ന് ആസിഫ് പറയുന്നു.

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**
**WhatsApp No. +91 92072 51248**






തയ്യാറാക്കിയത്:
**സിസ്റ്റർ ജോസി റിജോയി**

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **യോശുവ (13)**

1. മോശയുടെ മരണത്തെ കുറിച് ദൈവം സംസാരിച്ചത് ആരോടാണ് ?
2. റാഹാബിന്റെ കുടുംബങ്ങളുടെ രക്ഷയുടെ അടയാളം?
3. ഏതു കാലത്താണ് യോർദാൻ നദി തീരമെല്ലാം കവിഞ്ഞൊഴുകുന്നത്?
4. യോർദാൻ കടക്കുമ്പോൾ പെട്ടകവും ജനവും തമ്മിൽ എത്ര മുഴം അകലം ഉണ്ടായിരിക്കണം?
5. യോശുവ ഒറ്റുകാരെ അയച്ചത് എവിടെ നിന്നാണ്?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. മരണശിക്ഷ (സംഖ്യ 35:16)
2. ഹോർ പർവതത്തിൽ വെച്ച് (സംഖ്യ 33:38)
3. കാലേബ്, യോശുവ (32:11)
4. യഹോവ സംഹരിച്ച കടിഞ്ഞൂലുകളെ കുഴിച്ചിടുകയായിരുന്നു (33:3 & 4)
5. നാൽപത്തി എട്ട് (35:7)

# കുർബാനയ്ക്കിടെ വിദ്യാർഥി കുഴഞ്ഞു വീണ് മരിച്ചു

കുർബാനയ്ക്കിടെ വിദ്യാർഥി കുഴഞ്ഞ് വീണ് മരിച്ചു. കോട്ടയം കാഞ്ഞിരപ്പള്ളി ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിലെ പ്ലസ് വൺ വിദ്യാർഥി നെല്ലാകുന്നിൽ മിലൻ പോൾ (17) ആണ് മരിച്ചത്. ഇന്ന് രാവിലെ ആനക്കല്ല് സെന്റ് ആൻറണീസ് പള്ളിയിൽ കുർബാനയിൽ പങ്കെടുക്കവെയാണ് മിലൻ കുഴഞ്ഞ് വീണത്. തുടർന്ന് ഉടൻ തന്നെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. ഇടവകയിലെ അൾത്താര ബാലകനായിരുന്നു മിലൻ.

CHRISTIAN LIVE DAILY

13 FEBRUARY 2024
VOL 03
ISSUE 043 | 742

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

